**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4820** | **21/10/2011-ൽ മറുപടിക്ക്**

**മാറഞ്ചേരി സ്പെക്ട്രം സ്പെഷ്യൽ സ്കൂൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ: | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ മാറഞ്ചേരി പി. എച്ച്.സി. ന്യൂ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന സ്പെക്ട്രം സ്പെഷ്യൽ സ്കൂളിൽ അദ്ധ്യാപകരില്ലാത്തതിന്റെ ബുദ്ധിമുട്ട് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) അംഗവൈകല്യം ബാധിച്ച നിർദ്ധനരായ നിരവധി കുട്ടികളുടെ ആശ്രയകേന്ദ്രമായ പ്രസ്തുത സ്കൂളിൽ പ്രത്യേക പരിശീലനം ലഭിച്ച അദ്ധ്യാപകരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) ഇത് പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് ആരംഭിച്ച ഒരു സ്ഥാപനമാണ്. ഈ സ്ഥാപനം സർക്കാർ സ്ഥാപനം അല്ല. ആകയാൽ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കാൻ കഴിയില്ല. എന്നാൽ ഈ സ്ഥാപനത്തിൽ പ്രത്യേക പരിശീലനം ലഭിച്ച അദ്ധ്യാപകരെ നിയമിയ്ക്കാൻ കഴിയുമോ എന്ന കാര്യം ബ്ലോക്ക് പഞ്ചായത്തിന് പരിഗണിക്കാവുന്നതാണ്. |
| (സി) പ്രസ്തുത സ്കൂൾ നവീകരിക്കുന്നതിനും കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ;<br><br>(ഡി) എങ്കിൽ ഇതിനുള്ള പ്രവൃത്തികൾ എന്ന് നടപ്പാക്കാനാകുമെന്ന് വ്യക്തമാക്കുമോ? | (സി) യും (ഡി) യും പ്രസ്തുത സ്ക്കൂൾ കെട്ടിടത്തിന്റെ മേൽക്കൂര നവീകരണത്തിനായി പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2011-12 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ 7,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. നവംബർ മാസത്തോടെ പ്രവർത്തികൾ ആരംഭിയ്ക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ